**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5143** **21-07-2022 - ൽ മറുപടിയ്ക്ക്**

**തരിശുഭൂമിയിൽ നെൽകൃഷി നടത്തുന്നതിന് കർഷകർക്ക് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തരിശുഭൂമിയിൽ നെൽകൃഷി നടത്തുന്നതിന് കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ട് എന്നറിയ്ക്കാമോ; | (എ) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ "തരിശുനില കൃഷി" യിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഹെക്ടറിന് 35,000/- രൂപ കർഷകനും 5,000/- രൂപ ഭൂവുടമക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നു. ഇതിനുപുറമെ, ജനകീയാസൂത്രണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷിക്ക് ആനുകൂല്യം ലഭ്യമാക്കുന്നു. കൂടാതെ, ഒരു ഹെക്ടറിന് 1000/- രൂപ എന്ന നിരക്കിൽ ഉത്പാദന ബോണസും കർഷകർക്ക് നൽകുന്നു. |
| (ബി) | നെല്ലിന് കിലോയ്ക്ക് എത്ര രൂപ നൽകിയാണ് സർക്കാർ സംഭരിയ്ക്കുന്നത്; | (ബി) | കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന് 2021-22 സീസണിൽ കിലോഗ്രാമിന് 28 രൂപ നൽകിയാണ് സിവിൽ സപ്ലൈസ് കോർപറേഷൻ സംഭരിച്ചത്. 2022-23 സീസൺ മുതൽ നെല്ല് സംഭരണം കിലോയ്ക്ക് 28 രൂപ 20 പൈസയായി ഉയർത്തിയിട്ടുണ്ട്. |
| (സി) | പ്രകൃതി ദുരന്തങ്ങൾ മൂലം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന്റെ നഷ്ടപരിഹാരം നിലവിൽ എയിംസ് പോർട്ടൽ മുഖേന ഓൺലൈനായാണ് നടപ്പിലാക്കുന്നത്. കർഷകർ സമർപ്പിക്കുന്ന അപേക്ഷകൾ നിശ്ചയിക്കപ്പെട്ട സമയക്രമത്തിൽ പരിശോധിച്ച ശേഷം അംഗീകരിച്ച തുക കാലതാമസം കൂടാതെ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ